**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 77

27.06.2011 ന് മറുപടിയ്ക്ക്

**റേഷൻ ഹോൾസെയിൽ ഡിപ്പോ ക്രമക്കേടുമായി ബന്ധപ്പെട്ട കേസ്സന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ. | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| എ). റേഷൻ ഹോൾസെയിൽ ഡിപ്പോ അനുവദിച്ചതിലുണ്ടായ ക്രമക്കേടുമായി ബന്ധപ്പെട്ട കേസ്സിൽ ഇപ്പോഴത്തെ ആരോഗ്യ വകുപ്പു മന്ത്രിക്കെതിരെ അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) വിജിലൻസ് കേസ്സ് അന്വേഷണം പൂർത്തിയാക്കി 28.2.2011-ൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രതി പട്ടികയിലുള്ള ഇപ്പോഴത്തെ ആരോഗ്യ മന്ത്രിയും ഈ കേസ്സിലെ പരാതിക്കാരിലൊരാളായ ശ്രീ.എൻ.കെ.അബ്ദുൾ റഹിമാനും സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഈ കേസ്സിന്റെ തുടരന്വേഷണത്തിന് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ കോഴിക്കോട് വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| ബി) മന്ത്രിയെ കൂടാതെ ഈ കേസ്സിൽ മറ്റ് എത്ര പ്രതികളാണുള്ളത്; അവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) 1. ശ്രീ.വി.രാജു, മുൻമന്ത്രിയുടെ പി.എ.<br>2. ശ്രീ.ഒ.സുബ്രഹ്മണ്യൻ, മുൻ താലൂക്ക് സപ്ലൈ ഓഫീസർ, കോഴിക്കോട്.<br>3. ശ്രീ.കെ.ആർ.സഹദേവൻ, മുൻ താലൂക്ക് സപ്ലൈ ഓഫീസർ, കോഴിക്കോട്.<br>4. ശ്രീ.കെ.പി.സമീർ നവാസ്, സ്വകാര്യ വ്യക്തി. എന്നിവരാണ് മറ്റു പ്രതികൾ. |

| | |
|---|---|
| സി) പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ? | സി) തുടരന്വേഷണം നടത്തുന്നതിന് സമർപ്പിച്ച അപേക്ഷ കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ